LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ: സർ, അതിന് മറുപടി പറഞ്ഞാൽ മതി. മറുപടി പറയാമെന്ന് സ്പീക്കർ പറഞ്ഞതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഒരു സബ്മിഷൻ അനുവദിച്ചു. 19 മിനിട്ട് എടുത്താണ് ഇവിടെ അവതരിപ്പിച്ചത്. ഇനി ആവശ്യമുണ്ടെങ്കിൽ പ്രതിപക്ഷനേതാവിനെ ഒരു ചോദ്യം ചോദിക്കാൻ അനുവദിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതുസംബന്ധിച്ച് ചോദിക്കുന്നെങ്കിൽ ചോദിക്കട്ടെ, അത് അനുവദിക്കാം. അതല്ലാതെ വീണ്ടും ചോദ്യോത്തര വേളയാക്കി മാറ്റാൻ സാധ്യമല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : ബഹുമാനപ്പെട്ട സ്പീക്കർ, ശ്രീ. എ. കെ. ബാലൻ ചോദിച്ച ചോദ്യമാണ് എനിക്കും ചോദിക്കാനുള്ളത്. ഇക്കാര്യം അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എനിക്ക് പറയാനുള്ള എല്ലാ കാര്യങ്ങളും ഞാൻ പറഞ്ഞുകഴിഞ്ഞു. ഇതിൽ കൂടുതൽ എനിക്കൊന്നും പറയാൻ കഴിയില്ല. കാരണം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ്സിൽ ഓരോ സ്റ്റേറ്റ്മെന്റും തിരിച്ചും മറിച്ചും ചോദിച്ചാൽ പറയുന്നത് ശരിയല്ല. അതുകൊണ്ട് പ്രതിപക്ഷ നേതാവ് ഉന്നയിച്ച കാര്യങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല..:(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ചോദ്യം ചോദിക്കാൻ അനുവദിക്കുകയും അദ്ദേഹം ചോദ്യം ചോദിക്കുകയും അതിനുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി പറയുകയും ചെയ്തിട്ടുണ്ട്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തു പോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(2) കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വിളർ പഞ്ചായത്തിലെ മുളയ്ക്കോട്ടുകരയിൽ കഴിഞ്ഞ മുപ്പത്തിയഞ്ച് വർഷത്തിലധികമായി 85-ഓളം കുടുംബങ്ങൾ താമസിച്ചുവരികയാണ്. ഇവിടത്തെ ഭൂരിഭാഗം ജനങ്ങളും സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവരാണ്. ഐ.എ.വൈ., ഇ.എം.എസ്. ഭവന പദ്ധതി, ആശ്രയ പദ്ധതി തുടങ്ങി സർക്കാരിന്റെ എല്ലാ വിധത്തിലുമുള്ള സ്കീമുകളും നേടിക്കൊണ്ട് ജീവിക്കുന്നവരാണ് ഇവർ. ഇവിടെ താമസിക്കുന്നവരും അവരുടെ

പൂർവ്വികരും ഈ വസ്തു വിലയാധാരമാക്കി വാങ്ങി സബ് രജിസ്റ്റർഡ് ഓഫീസിൽ പ്രമാണം പതിപ്പിച്ചും വില്ലേജ് ഓഫീസിൽ പോക്കുവരവും കഴിഞ്ഞ് കരം തീർത്ത് വരികയാണ്. ഇതിൽ പകുതിയിൽ കൂടുതൽ ആളുകൾ ഈ വസ്തുവിന്റെ പ്രമാണത്തിന്മേൽ നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും മറ്റ് ബാങ്കുകളിൽനിന്നും ലോണെടുത്ത് വരുന്നവരുമാണ്. ഇപ്പോൾ ചില പ്രത്യേക സാഹചര്യങ്ങളിൽ ഈ പ്രദേശത്തുള്ള ജനങ്ങൾക്ക് ഭൂമി നഷ്ടപ്പെടുമെന്ന അവസ്ഥയിലിരിക്കുകയാണ്. ഈ കുടുംബങ്ങൾക്ക് മുളയ്ക്കോട്ടുകരയിൽ നിന്ന് ഇറങ്ങി വന്നാൽ പോകുവാൻ വേറെ സ്ഥലമില്ല. വിളുരയിലെയും മുളയ്ക്കോട്ടുകരയിലെയും എല്ലാ രാഷ്ട്രീയപാർട്ടികളും സർവ്വകക്ഷിയോഗം കൂടുകയും അവിടത്തെ ജനപ്രതിനിധികളെല്ലാം ഇവിടത്തേയ്ക്ക് ഒരു പരിഹാരം തേടിക്കൊണ്ട് വരികയുമാണ്. അതിനോടൊപ്പം മുളയ്ക്കോട്ടുകര യിലെ വിഷയം പത്ര-ദൃശ്യ മാധ്യമങ്ങളും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ സർക്കാർ ഇടപെട്ട് ഭൂമി നഷ്ടപ്പെട്ടവരെ സഹായിക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ ഉന്നയിച്ചത് 13 കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. ഹൈക്കോട തിയിൽ ഒരു കേസ് കൊടുത്തതിനെ തുടർന്ന് നെടുമങ്ങാട് സബ് കോടതിയിൽ നിന്ന് വന്ന ഉത്തരവ് അവിടെ താമസിക്കുന്ന 13 പേർക്കും എതിരായിട്ടുള്ളതാണ്. കോടതിയുടെ ഉത്തരവ് നടപ്പിലാക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. അതിൽ അഞ്ചുപേർക്ക് ഹൈക്കോടതി സ്റ്റേ കൊടുത്തിട്ടുണ്ട്. ബാക്കിയുള്ളവരുടെ കാര്യത്തിൽ സ്റ്റേയില്ല. അവിടെ താമസിക്കുന്നവർ സഹതാപം അർഹിക്കുന്നവരാണ്. അവർക്ക് വീടൊന്നുമില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് ഗവൺമെന്റ് ഒന്നുകൂടി പരിശോധിക്കും. കോടതി വിധി നടപ്പിലാക്കാനുള്ള അവസ്ഥയാണ് ഗവൺമെന്റിന് വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യത്തിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഇക്കാര്യത്തിൽ ഏത് വിധത്തിൽ ഇവരെ സഹായിക്കാൻ പറ്റുമെന്നുള്ള കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

(3) പട്ടികജാതി യുവാവിന് നേർക്കുണ്ടായ പോലീസ് മർദ്ദനം

ശ്രീ. എം. ഹംസ: സർ, ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മനോജ് എന്നുപറയുന്ന ദളിത് ചെറുപ്പക്കാരനെ നവംബർ 7-ാം തീയതി ഉച്ചയോടുകൂടി പോലീസ് അറസ്റ്റ് ചെയ്യുകയും അതിഭീകരമായി മർദ്ദിച്ച് അവശനാക്കുകയും ചെയ്തു. കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ നടക്കുന്ന ലോക്കപ്പ് മർദ്ദനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly